(ഡി) ചൈനീസ് സാങ്കേതിക സഹകരണത്തോടെ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 4 പൈലറ്റ് പ്രോജക്ടുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തിയശേഷം സമാന പദ്ധതികൾ ഭാവിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ഇലക്ട്രിക് പോസ്റ്റുകൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം

123 (3924) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇലക്ട്രിക് പോസ്റ്റുകൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

ഓരോ ഇലക്ട്രിക്കൽ സർക്കിളിന്റെയും പദ്ധതിയിൽ വരുന്ന പുതിയ ലൈനുകൾ, സർവ്വീസ് കണക്ഷനുകൾ, കേടായ പോസ്റ്റുകൾ മാറ്റുക തുടങ്ങിയ ജോലികൾക്ക് ആവശ്യമുള്ള പോസ്റ്റുകളുടെ എണ്ണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിനും, സപ്ലൈ ചെയ്യുന്നതിനുമുള്ള കോൺട്രാക്ടുകൾ വഴിയാണ് ഇലക്ട്രിക് പോസ്റ്റുകൾ ബോർഡ് ലഭ്യമാക്കുന്നത്.

വീട്ടുനമ്പർ ലഭിക്കാത്തവർക്ക് വൈദ്യുതി കണക്ഷൻ സംവിധാനം

124 (3925) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട് നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തീരദേശ സംരക്ഷണ നിയമത്തിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ടുനമ്പർ ലഭിക്കാത്തതുകൊണ്ട് വൈദ്യുതി കണക്ഷനുള്ള അപേക്ഷ പരിഗണിക്കപ്പെടുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly